2026
APRIL
06
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കേരളത്തിൽ ഇന്ധനക്ഷാമമില്ലെന്ന്

## ഓയിൽ ഇൻഡസ്ട്രി – കേരള സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ

**കൊച്ചി:** കേരളത്തിൽ എൽപിജി, പെട്രോൾ, ഡീസൽ എന്നിവ ആവശ്യത്തിന് ലഭ്യമാണെന്നും വിതരണ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയും തടസ്സമില്ലാതെ നിലനിർത്തുകയും ചെയ്യുന്നുണ്ടെന്നും എല്ലാ ഓയിൽ മാർക്കറ്റിംഗ് കമ്പനികൾക്കും വേണ്ടി, ഓയിൽ ഇൻഡസ്ട്രി - കേരള സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ വ്യക്തമാക്കി. ഗാർഹിക എൽപിജി സിലിണ്ടറുകളുടെ സ്റ്റോക്ക് ആവശ്യത്തിന് ലഭ്യമാണ്, കൂടാതെ ഉപഭോക്താക്കളുടെ ബുക്കിംഗ് അനുസരിച്ച് വിതരണം നടത്തിവരുന്നു. തടസ്സമില്ലാത്ത സേവനം ഉറപ്പാക്കുന്നതിനായി അതത് ഓയിൽ മാർക്കറ്റിംഗ് കമ്പനികൾ എൽപിജി വിതരണ കേന്ദ്രങ്ങളിലെ സ്റ്റോക്ക് നിരന്തരമായി പുതുക്കിക്കൊണ്ടിരിക്കുന്നു. എല്ലാ ഉപഭോക്താക്കൾക്കിടയിലും തുല്യമായ വിതരണം ഉറപ്പാക്കുന്നതിനുള്ള ഒരു നിയന്ത്രണ നടപടിയായി ബുക്കിംഗുകൾക്കിടയിൽ നിലവിൽ നിശ്ചിത സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. റീഫില്ലുകൾ ഉപഭോക്താക്കളുടെ വീടുകളിൽ തന്നെ എത്തിക്കുമെന്നും ഉറപ്പാക്കുന്നു. രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് സുരക്ഷിതവും സ്ഥിരീകരിച്ചതുമായ വിതരണം ഉറപ്പാക്കുന്നതിനായി ഡെലിവറി ഓതന്റിക്കേഷൻ കോഡ് നിർബന്ധമാക്കിയിട്ടുണ്ട്. വിതരണ സമയത്ത് ഡിഎസി പങ്കുവെച്ചുകൊണ്ട് എല്ലാ ഉപഭോക്താക്കളും സഹകരിക്കണമെന്നും ഓയിൽ ഇൻഡസ്ട്രി - കേരള സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ ആവശ്യപ്പെട്ടു. ഉപഭോക്താക്കൾ റീഫില്ലുകൾ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി മാത്രം ബുക്ക് ചെയ്യാനും ബുക്കിംഗിനായി വിതരണക്കാരുടെ ഷോറൂമുകൾ സന്ദർശിക്കുന്നത് ഒഴിവാക്കാനും തയ്യാറാകണം. ഗാർഹികേതര, വാണിജ്യ എൽപിജി വിതരണത്തിനായി, കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയത്തിന്റേയും കേരള സർക്കാരിന്റേയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പ്രതിസന്ധിക്ക് മുമ്പുള്ള ശരാശരി ആവശ്യകതയുടെ 66 ശതമാനം നിലവിൽ മൊത്തത്തിൽ വിതരണം ചെയ്യുന്നുണ്ട്. അതേസമയം, ആശുപത്രികൾ, ഹോസ്റ്റലുകൾ, ശ്മശാനങ്ങൾ, സ്കൂളുകൾ, വൃദ്ധസദനങ്ങൾ തുടങ്ങിയ അവശ്യ മേഖലകളിൽ നൂറു ശതമാനം വിതരണവും ഉറപ്പാക്കുന്നു. അർദ്ധ -അവശ്യ, അവശ്യേതര മേഖലകളിൽ 62 ശതമാനം വിതരണമാണ് നടത്തുന്നത്. ഉപഭോക്താക്കൾ പരിഭ്രാന്തരാകേണ്ടതില്ല. തങ്ങളുടെ വിതരണ ശൃംഖലയിലൂടെ എൽപിജി റീഫില്ലുകൾ സുഗമമായും കൃത്യസമയത്തും നൽകാൻ ഓയിൽ മാർക്കറ്റിംഗ് കമ്പനികൾ പ്രതിജ്ഞാബദ്ധമാണെന്നും ഓയിൽ ഇൻഡസ്ട്രി - കേരള സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ വ്യക്തമാക്കുന്നു. കേരളത്തിലുടനീളമുള്ള ചില്ലറ വിൽപ്പനശാലകളിലും സംഭരണ കേന്ദ്രങ്ങളിലും ആവശ്യത്തിന് പെട്രോൾ, ഡീസൽ സ്റ്റോക്കുകൾ ലഭ്യമാണെന്ന് എല്ലാ ഓയിൽ മാർക്കറ്റിംഗ് കമ്പനികളും ഉറപ്പുനൽകുന്നു. സംസ്ഥാനത്ത് ഒരിടത്തും പരിഭ്രാന്തി മൂലമുള്ള വാങ്ങലുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. തടസ്സമില്ലാത്ത ലഭ്യത ഉറപ്പാക്കുന്നതിനായി ചില്ലറ വിൽപ്പനശാലകളിലെ സ്റ്റോക്കുകൾ കൃത്യമായി നിരീക്ഷിക്കുകയും പുതുക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ എൽപിജിക്കോ പെട്രോളിയം ഉൽപ്പന്നങ്ങൾക്കോ യാതൊരു ക്ഷാമവുമില്ലെന്നും കേരള ഓയിൽ ഇൻഡസ്ട്രി സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ വ്യക്തമാക്കി.



# കേരളം മാറി ചിന്തിക്കേണ്ട സമയം: കേന്ദ്രമന്ത്രി അമിത് ഷാ

**കോലഞ്ചേരി:** ഏപ്രിൽ 9ന് നടക്കുന്ന നിയമസഭ തിരഞ്ഞെടുപ്പ് കേരളത്തിന്റെ ഭാവി സുരക്ഷിതമാക്കാനുള്ള നിർണ്ണായക തീരുമാനമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ട്വന്റി20-എൻ.ഡി.എ സ്ഥാനാർത്ഥി ബാബു ദിവാകരന്റെ തിരഞ്ഞെടുപ്പ് പ്രചാരണാർത്ഥം കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഗ്രൗണ്ടിൽ നടന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിലെ വിവിധ മണ്ഡലങ്ങളിലെ എൻ.ഡി.എ സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം സംസാരിച്ചു തുടങ്ങിയത്. കേരളം ദീർഘകാലമായി ഇടത്-വലത് മുന്നണികൾ മാറി മാറി ഭരിച്ചെങ്കിലും അഴിമതി മാത്രമാണ് പൊതുവായ സവിശേഷതയെന്ന് അമിത് ഷാ ആരോപിച്ചു. സംസ്ഥാനത്തിന്റെ വികസനത്തിനായി എൻ.ഡി.എ സർക്കാർ കേരളത്തിൽ വരേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന മുഴുവൻ യുവാക്കളെ ഈ നാട്ടിൽതന്നെ പ്രയോജനപ്പെടുത്താൻ കഴിയുന്ന സുന്ദര സുരഭില കേരളമാണ് എൻ.ഡി.എയുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. 2014 ലെ പൊതു തിരഞ്ഞെടുപ്പിൽ എൻ.ഡി.എയുടെ കേരളത്തിലെ വോട്ട് വിഹിതം 14 ശതമാനം ആയിരുന്നുവെങ്കിൽ 2019ൽ ഇത് 16 ശതമാനവും 2024ൽ അത് 20 ശതമാനമായും ഉയർന്നിരിക്കുന്നു. ഇനി വരാനിരിക്കുന്നത് കേരളം എൻ.ഡി.എ ഭരിക്കുന്നതിനുള്ള തിരഞ്ഞെടുപ്പാണെന്നും കേന്ദ്രമന്ത്രി അമിത് ഷാ പറഞ്ഞു. എൽ.ഡി.എഫിന്റെയും യു.ഡി.എഫിന്റെയും അഴിമതിക്ക് എതിരെ ശബ്ദിക്കാൻ സാബു ജേക്കബ് എന്ന സാധാരണക്കാരന് ഒരു പാർട്ടിയുടെ പിൻബലം വേണ്ടിവന്നു. അങ്ങനെ രൂപംകൊണ്ട പാർട്ടിയാണ് ട്വന്റി20. എൻ.ഡി.എ മുന്നണിയിലേയ്ക്ക് സാബു ജേക്കബിനെ ഒരിക്കൽകൂടി സ്വാഗതം ചെയ്യുന്നു. കേരളത്തിലെ ക്രിസ്തീയ സമൂഹം മാറ്റത്തിന് സമയമായത് തിരിച്ചറിഞ്ഞ് എൻ.ഡി.എയ്ക്ക് ഒപ്പം അണിനിരക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

കൊച്ചിയുടെ വികസനത്തിനായി 2000 കോടി രൂപയുടെ സ്മാർട്ട് സിറ്റി വികസന പദ്ധതികളാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കൊച്ചി മെട്രോ രണ്ടാംഘട്ട വികസനത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ചത് 275 കോടി രൂപയാണ്. ഒപ്പം 600 കോടി രൂപയുടെ ലോൺ ഗ്യാരന്റിയും കേന്ദ്ര സർക്കാർ നൽകി. എൽ.ഡി.എഫിനെയും യു.ഡി.എഫിനെയും വിമർശിച്ച അദ്ദേഹം, രണ്ട് മുന്നണികളും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണെന്നും, സംസ്ഥാനത്തിന് പുറത്ത് ഒരുമിച്ച് പ്രവർത്തിക്കുന്ന ഇവർ കേരളത്തിൽ വ്യത്യസ്തമായി മത്സരിക്കുന്നുവെന്നും ആരോപിച്ചു. മോദിസർക്കാർ സാധാരണക്കാർക്ക് അനുവദിച്ചുനൽകുന്ന പദ്ധതികൾ സ്വന്തം പേരിലാക്കി പോസ്റ്റർ അടിച്ചിറക്കുകയാണ് പിണറായി വിജയൻ. കേരളത്തിൽ അധികാരത്തിലെത്തിയാൽ രണ്ട് മാസത്തിനുള്ളിൽ എൽ.ഡി.എഫിലെയും യു.ഡി.എഫിലെയും കള്ളന്മാരെ ജയിലിൽ അടയ്ക്കുമെന്നും നിരവധി ക്ഷേമ-വികസന പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു. വീട്ടമ്മമാർക്ക് സാമ്പത്തിക സഹായം, സൗജന്യ ഗ്യാസ് സിലിണ്ടർ, കുടിവെള്ള വിതരണം, എയിംസ് സ്ഥാപനം എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. എൻ.ഡി.എ സർക്കാർ അധികാരമേറ്റാൽ കേരളത്തിലെ മുഴുവൻ വീട്ടമ്മമാർക്കും പ്രതിമാസം 2500 രൂപ നിരക്കിൽ പ്രതിവർഷം 30000 രൂപ ലഭിക്കുന്ന ധനസഹായ പദ്ധതി നടപ്പിലാക്കുമെന്ന് ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം ജേക്കബ് പറഞ്ഞു. 50 ശതമാനംവരെ വൈദ്യുതി സബ്സിഡി ഉറപ്പാക്കും. ഓരോ കുടുംബത്തിനും പ്രതിവർഷം രണ്ട് സിലിണ്ടറുകൾ വീതം സൗജന്യമായി നൽകും. തൊഴിലില്ലായ്മയിൽ വലയുന്ന കേരളത്തിലെ യുവതലമുറയെ സംരക്ഷിക്കുന്നതിനായി സംരംഭകരായ തൊഴിൽ ദാതാക്കൾക്ക് തൊഴിലാളിക്ക് ഒരു ലക്ഷം എന്ന രീതിയിൽ സാമ്പത്തിക പിന്തുണ നൽകികൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ ഇരുപത് ലക്ഷം തൊഴിൽ സൃഷ്ടിക്കും. 70 കഴിഞ്ഞവർ, വിധവകൾ, ഗൃഹനാഥകൾ എന്നിവർക്ക് 3000 രൂപ സാമൂഹിക പെൻഷൻ ഉറപ്പാക്കും. കിഴക്കമ്പലം മോഡൽ ഭക്ഷ്യ സുരക്ഷാ മാർക്കറ്റ് വ്യാപിപ്പിക്കും. 116 കോളനികളിലായി 280 കോടി രൂപയുടെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കും. കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കമ്മീഷൻ ഇല്ലാതെയുള്ള കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. അങ്കമാലി കുണ്ടന്നൂർ പാത 9500 കോടി രൂപ മുതൽമുടക്കിൽ എട്ട് വരിയാക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. കേന്ദ്രമന്ത്രി ഭൂപതി രാജു ശ്രീനിവാസ വർമ്മ, എൻഡിഎ സ്ഥാനാർത്ഥികളായ ബാബു ദിവാകരൻ( കുന്നത്തുനാട്), ജിബി പാത്തിക്കൽ (പെരുമ്പാവൂർ), പ്രോമി കുര്യാക്കോസ് (അങ്കമാലി), അഡ്വ. സേവ്യർ ജൂലപ്പൻ (കൊച്ചി), ജിബി അബ്രഹാം (പിറവം), സണ്ണി കടുത്താഴെ (മൂവാറ്റുപുഴ), അജി നാരായണൻ (കോതമംഗലം), നെഹ്റു യുവകേന്ദ്ര വൈസ് ചെയർമാൻ കൃഷ്ണവർധൻ റെഡ്ഡി, ട്വന്റി20 പാർട്ടി ചെയർമാൻ ബോബി ജേക്കബ്, ട്വന്റി20 സംസ്ഥാന വൈസ് പ്രസിഡന്റ് വി. ഗോപകുമാർ, ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് എ എൻ രാധാകൃഷ്ണൻ, വിവിധ എൻ.ഡി.എ ഘടകകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.



*കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഗ്രൗണ്ടിൽ നടന്ന എൻഡിഎ തിരഞ്ഞെടുപ്പ് പ്രചരണ സമ്മേളനത്തിൽ ജില്ലയിലെ വിവിധ മണ്ഡലങ്ങളിലെ എൻഡിഎ സ്ഥാനാർത്ഥികളായ ബാബു ദിവാകരൻ (കുന്നത്തുനാട്), ജിബി പാത്തിക്കൽ (പെരുമ്പാവൂർ), പ്രോമി കുര്യാക്കോസ് (അങ്കമാലി), അഡ്വ. സേവ്യർ ജൂലപ്പൻ (കൊച്ചി), ജിബി അബ്രഹാം (പിറവം), സണ്ണി കടുത്താഴെ (മൂവാറ്റുപുഴ), അജി നാരായണൻ (കോതമംഗലം) എന്നിവരെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പൊതുസമൂഹത്തിൽ പരിചയപ്പെടുത്തിയപ്പോൾ. കേന്ദ്ര മന്ത്രി ഭൂപതി രാജു ശ്രീനിവാസ വർമ്മ, ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം ജേക്കബ് തുടങ്ങിയവർ സമീപം.*

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **ഗാന്ധിഭവൻ കച്ചേരിപ്പടി :** വിവിധ മുന്നണികളുടെ മാനിഫെസ്റ്റോയെക്കുറിച്ച് പൊതുചർച്ച ഉച്ചയ്ക്ക് 2 ന്. മുൻ എം പി ഡോ. സെബാസ്റ്റ്യൻ പോൾ, പ്രൊഫ എം പി മത്തായി, സി.ആർ നീലകണ്ഠൻ, അഡ്വ ജോൺ ജോസഫ് തുടങ്ങിയവർ പങ്കെടുക്കും.
■ **പനമ്പിള്ളി നഗർ-ചൈൽഡ് കെയർ സെന്റർ :** പഠന നിർണയ-നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 ന്
■ **റീജണൽ സ്പോർട്സ് സെന്റർ :** റീജണൽ സ്പോർട്സ് സെന്റർ സമ്മർ കോച്ചിംഗ് ക്യാമ്പ് രാവിലെ 10ന് ബാസ്കറ്റ് ബോൾ പരിശീലകൻ സി വി സണ്ണി ഉദ്ഘാടനം ചെയ്യും. കളക്ടറും റീജണൽ സ്പോർട്സ് സെന്റർ ചെയർപേഴ്സൻ ജി.പ്രിയങ്ക അധ്യക്ഷത വഹിക്കും.

## പള്ളുരുത്തി

■ **ആശ ഹാൾ :** സംഗീത സംവിധായകൻ എം.കെ. അർജുനൻ മാസ്റ്ററുടെ ചരമവാർഷികത്തോടനുബന്ധിച്ച് കൊച്ചിയിലെ കലാകാരന്മാരുടെ സംഘടനയായ ആശയുടെ നേതൃത്വത്തിൽ അനുസ്മരണ പരിപാടി വൈകിട്ട് 5ന് കെ വി . തോമസ് ഉദ്ഘാടനം ചെയ്യും.

## തിരുവൈരാണിക്കുളം

■ **തിരുവൈരാണിക്കുളം കൈലാസം വെൽനസ് പാർക്ക് :** തിരുവൈരാണിക്കുളം ഫെസ്റ്റ് വൈകിട്ട് 6 മുതൽ.

## കാലടി

■ **കാഞ്ഞൂർ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ :** കാഞ്ഞൂർ മരിയൻ ഫുട്ബോൾ അക്കാദമി സംഘടിപ്പിക്കുന്ന അവധിക്കാല ഫുട്ബോൾ പരിശീലനക്യാമ്പ് രാവിലെ 6.30 മുതൽ.

# വോട്ടവകാശം വിനിയോഗിക്കൂ; ഗോത്രമേഖലകളിൽ ആവേശമായി ജില്ലാ കളക്ടറുടെ സന്ദർശനം



*ജില്ലാ കളക്ടർ ജി പ്രിയങ്കയും അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ എന്നിവർ വാര്യയംകുടിയിൽ. തിരഞ്ഞെടുപ്പ് ബോധവൽക്കരണത്തിന്റെ ഭാഗമായാണ് ജില്ലാ കളക്ടറുടെ ഉന്നതി സന്ദർശനം.*

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടിങ് ശതമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ വിവിധ ഉന്നതികളിൽ വോട്ടർ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമാക്കി.

ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ നേതൃത്വത്തിൽ വാര്യയംകുടി ഗോത്രമേഖലയിൽ സന്ദർശനം ഊരുകളിൽ വലിയ ആവേശമാണ് സൃഷ്ടിച്ചത്. ജില്ലാ കളക്ടർ വോട്ടർമാരോടൊപ്പം ആടുകയും പാടുകയും ചെയ്ത് ബോധവൽക്കരണ പരിപാടിയിൽ പങ്കാളിയായി. ഗോത്രവർഗ്ഗക്കാരുമായി സംസാരിച്ച ജില്ലാ കളക്ടർ, ജനാധിപത്യ പ്രക്രിയയിൽ പങ്കുചേരേണ്ടതിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തി. നമ്മുടെ ഓരോരുത്തരുടെയും വോട്ട് വിലപ്പെട്ടതാണ്. വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ എല്ലാവരും സമ്മതിദാനാവകാശം വിനിയോഗിക്കണം. നിങ്ങളുടെ കുടുംബാംഗങ്ങളെയും അയൽക്കാരെയും ഏപ്രിൽ 9-ന് പോളിംഗ് ബൂത്തിലെത്തിക്കാൻ മുൻകൈ എടുക്കണമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

ഊരുമൂപ്പന്മാരെയും കാണിക്കാരെയും പൊന്നാട അണിയിച്ച് ആദരിച്ചു. മികച്ച സേവനം കാഴ്ചവെച്ച ട്രൈബൽ പ്രമോട്ടർമാർക്കും ബി.എൽ.ഒമാർക്കും ഉപഹാരങ്ങൾ നൽകി.

ഊരുമൂപ്പന്മാരുടെ നേതൃത്വത്തിൽ വോട്ടർമാർ പ്രതിജ്ഞയെടുത്തു. തുടർന്ന് ഗോത്രവർഗ സംസ്കാരത്തിന്റെ തനിമയാർന്ന കലാരൂപങ്ങൾ അവതരിപ്പിച്ചു. കൊട്ടി, ഉറുമിശി, കുഴൽ തുടങ്ങിയ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ നടന്ന കെന്നിഞ്ചിപിടി, കുമ്മിയടി, കൊമാളിയാട്ട് എന്നീ പരമ്പരാഗത നൃത്തങ്ങൾ ചടങ്ങിന് മാറ്റുകൂട്ടി. ജില്ലാ കളക്ടറും മറ്റ് ഉദ്യോഗസ്ഥരും ഗോത്രവർഗക്കാർക്കൊപ്പം പങ്കുചേർന്നു. ജില്ലയിലെ എല്ലാ മേഖലകളിലും നൂറുശതമാനം വോട്ടിങ് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലാ ഭരണകൂടത്തിന്റെ ഈ പ്രത്യേക ഇടപെടലുകൾ. അസിസ്റ്റന്റ് കളക്ടർ പാർവ്വതി ഗോപകുമാർ, ഫിനാൻഷ്യൽ അസിസ്റ്റന്റ് എസ് മനോജ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ താളുംകം, പൊങ്ങും ചുവട്, പിണവൂർകുടി എന്നീ ഉന്നതികൾ സന്ദർശിച്ചിരുന്നു. കൊച്ചിൻ ആർട്സ് ആൻഡ് സയൻസ്, മൂവാറ്റുപുഴ നിർമ്മല എന്നീ കോളേജുകളിലെ വിദ്യാർത്ഥികളും ഈ സംഘത്തിൽ ഉണ്ടായിരുന്നു.

# ഹം പാർട്ടി കേരള ഘടകം എൻഡിഎയിൽ

**കൊച്ചി:** കേന്ദ്രമന്ത്രിയും മുൻ ബീഹാർ മുഖ്യമന്ത്രിയുമായ ജിതൻ റാം മാഞ്ചി നേതൃത്വം നൽകുന്നതും ബീഹാർ കാബിനറ്റ് മന്ത്രി സന്തോഷ് കുമാർ സുമൻ ദേശീയ പ്രസിഡന്റുമായ ഹിന്ദുസ്ഥാനി അവാം മോർച്ച-സെക്കുലർ (ഹം-എസ്) കേരള ഘടകം എൻഡിഎയുടെ ഭാഗമായി മാറി. പാർട്ടിയുടെ കേരള ഘടകം ചെയർമാനും മുൻ എംഎൽഎയുമായ മാത്യൂസ്റ്റീഫൻ, സംസ്ഥാന കോർഡിനേറ്റർ വി.നിയാസ്, ചീഫ് ജനറൽ സെക്രട്ടറി ശിവശങ്കർ, സംഘടന സെക്രട്ടറി സെരീഫ് ബാബു എന്നിവരുടെ നേതൃത്വത്തിൽ എൻഡിഎ ചെയർമാൻ രാജീവ് ചന്ദ്രശേഖറിൽ നിന്നും എൻഡിഎ അംഗത്വം ഏറ്റുവാങ്ങി. കേരളത്തിലെ വികസന രാഷ്ട്രീയത്തിന് പുതിയ ദിശയും ശക്തിയും നൽകി സാമൂഹിക നീതി, സമഗ്രവികസനം, യുവജനശാക്തീകരണം എന്നിവ ലക്ഷ്യമിക്കി എൻഡിഎ സഖ്യത്തിനൊപ്പം ഹം പാർട്ടി കേരളത്തിൽ ശക്തമായ മുന്നേറുമെന്ന് പാർട്ടി ദേശീയ ജനറൽ സെക്രട്ടറി വിനോദ്കുമാർ പറഞ്ഞു.



*കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി നേതൃത്വം നൽകുന്ന ഹം പാർട്ടി കേരള ഘടകത്തെ എൻഡിഎയുടെ ഭാഗമാക്കിക്കൊണ്ട് പാർട്ടിയുടെ കേരള ഘടകം ചെയർമാനും മുൻ എംഎൽഎയുമായ മാത്യൂസ്റ്റീഫനെ എൻഡിഎ കൺവീനർ രാജീവ് ചന്ദ്രശേഖർ സ്വീകരിച്ചപ്പോൾ.*

# പഠന വൈകല്യ ക്യാമ്പ് തുടങ്ങി

**കൊച്ചി:** പഠന വൈകല്യം, ശ്രദ്ധക്കുറവ്, ഹൈപ്പർ ആക്റ്റിവിറ്റി തുടങ്ങിയ ബുദ്ധിമുട്ടുകളുള്ള 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി പനമ്പിള്ളി നഗറിൽ പ്രവർത്തിക്കുന്ന ചൈൽഡ് കെയർ സെന്ററിൽ പഠന നിർണയ-നിവാരണ ക്യാമ്പ് ഇന്ന് ആരംഭിക്കും.
ഏപ്രിൽ 25 വരെ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ ക്യാമ്പ് നടക്കും.

# സ്പോർട്ടിംഗ് ക്ലബ് ഡൽഹിക്കെതിരായ മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സിന് തോൽവി

**ന്യൂഡൽഹി:** ഇന്ത്യൻ സൂപ്പർ ലീഗിൽ ഞായറാഴ്ച ന്യൂഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്.സിക്ക് തോൽവി. സ്പോർട്ടിംഗ് ക്ലബ് ഡൽഹിക്കെതിരായ പോരാട്ടത്തിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ബ്ലാസ്റ്റേഴ്സ് പരാജയപ്പെട്ടത്.



പുതിയ ഹെഡ് കോച്ച് ആഷ്‌ലി വെസ്റ്റ്വുഡിന് കീഴിൽ ബ്ലാസ്റ്റേഴ്സ് കളത്തിലിറങ്ങിയ ആദ്യ മത്സരമായിരുന്നു ഇത്. മത്സരത്തിന്റെ 36-ാം മിനിറ്റിൽ ഐമനിലൂടെയാണ് ഡൽഹി ലീഡെടുത്തത്. വലതുവശത്തുനിന്നുള്ള മുന്നേറ്റത്തിനൊടുവിൽ ലഭിച്ച പന്ത് ഐമൻ ലക്ഷ്യത്തിലെത്തിക്കുകയായിരുന്നു. ആദ്യ പകുതിയിൽ സെറ്റ് പീസുകളിലൂടെയും മറ്റും ബ്ലാസ്റ്റേഴ്സ് ചില മുന്നേറ്റങ്ങൾ നടത്തിയെങ്കിലും ഫൈനൽ തേർഡിലെ പോരായ്മകൾ തിരിച്ചടിയായി.

രണ്ടാം പകുതിയിൽ എബിദാസിനെ കളത്തിലിറക്കി ആക്രമണം ശക്തമാക്കാനാണ് ബ്ലാസ്റ്റേഴ്സ് ശ്രമിച്ചത്. മത്സരത്തിലേക്ക് തിരിച്ചുവരാനുള്ള ശ്രമങ്ങൾക്കിടെ എബിദാസ് തൊടുത്ത ഒരു ഷോട്ട് ഗോൾകീപ്പർ നോറ ഫെർണാണ്ടസ് തടഞ്ഞിട്ടു. സമനില ഗോളിനായി ബ്ലാസ്റ്റേഴ്സ് നിരന്തരം സമ്മർദ്ദം ചെലുത്തിയെങ്കിലും ഡൽഹി പ്രതിരോധം ഉറച്ചുനിന്നു.

മത്സരത്തിന്റെ 84-ാം മിനിറ്റിൽ ഐബാൻ ചുവപ്പ് കാർഡ് കണ്ട് പുറത്തായത് ബ്ലാസ്റ്റേഴ്സിന് തിരിച്ചടിയായി. പത്ത് പേരുമായി പൊരുതിയ ബ്ലാസ്റ്റേഴ്സിനെതിരെ ഇൻജുറി ടൈമിൽ ബാബോവിച്ചിലൂടെ ഡൽഹി രണ്ടാം ഗോളും നേടി.

കേരള ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം ഏപ്രിൽ 11 ന് ബെംഗളൂരുവിൽ ബെംഗളൂരു എഫ്സിക്കെതിരെയാണ്.

# നിയമസഭാ തിരഞ്ഞെടുപ്പ്: പോളിങ് ബൂത്തിൽ മൊബൈൽ ഫോൺ ഉപയോഗത്തിന് നിയന്ത്രണം




**കൊച്ചി:** വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗത്തിന് നിയന്ത്രണമേർപ്പെടുത്തി തിരഞ്ഞെടുപ്പ് കമ്മിഷൻ. വോട്ടിന്റെ രഹസ്യസ്വഭാവം സംരക്ഷിക്കുന്നതിനും സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായും പോളിങ് ബൂത്തിനകത്ത് ഫോൺ പ്രവേശിപ്പിക്കുന്നത് പൂർണ്ണമായും തടയാനാണ് നിർദേശം. ഫോണിലെ സ്വകാര്യ വിവരങ്ങളുടെ സുരക്ഷ മുൻനിർത്തി, വോട്ടർമാർ തങ്ങളുടെ ഫോണുകൾ വാഹനങ്ങളിലോ മറ്റ് സുരക്ഷിത ഇടങ്ങളിലോ സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബൂത്തിലേക്ക് കടക്കുന്നതിന് മുൻപ് ഫോൺ 'മൊബൈൽ ഫോൺ കീപ്പിങ് പൗച്ചി'ൽ നിക്ഷേപിച്ച് വളണ്ടിയർമാരിൽ നിന്ന് ടോക്കൺ വാങ്ങണം. വോട്ട് രേഖപ്പെടുത്തി പുറത്തിറങ്ങുമ്പോൾ ടോക്കൺ തിരികെ നൽകി ഫോൺ കൈപ്പറ്റാം. വോട്ടർമാരുടെ ഫോൺ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി പ്രത്യേക ഹരിത മൊബൈൽ ഫോൺ കീപ്പിങ് പൗച്ച് ഓരോ പോളിങ് സ്റ്റേഷനിലും സ്ഥാപിക്കാൻ ജില്ലാ ഭരണകൂടം തീരുമാനിച്ചിട്ടുണ്ട്.

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് മാത്രമെ ബൂത്തിനകത്ത് ഫോൺ ഉപയോഗിക്കാൻ അനുമതിയുള്ളൂ. എന്നാൽ ഇവർ നിർബന്ധമായും ഫോൺ സൈലന്റ് മോഡിലാക്കി മാത്രമേ ഉപയോഗിക്കാവൂ.

## ആഘോഷങ്ങളിൽ പങ്കുചേർന്ന് പി. രാജീവ്



**കളമശേരി:** ഈസ്റ്റർ ആഘോഷങ്ങളിലും വിവാഹച്ചടങ്ങുകളിലും പങ്കെടുത്തും കുടുംബ സന്ദർശനങ്ങൾ നടത്തിയുമാണ് എൽഡിഎഫ് സ്ഥാനാർഥി പി. രാജീവ് ഇന്നലെ ചെലവിട്ടത്. സുഹൃത്തുക്കളുടെയും പരിചയക്കാരുടെയുമുൾപ്പെടെയുള്ളവരുടെ വീടുകളിലെത്തി ഈസ്റ്റർ ആശംസകൾ കൈമാറിയായിരുന്നു തുടക്കം. എസ്എഫ്ഐ മുൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി എൻ കെ വാസുദേവൻ, തൃക്കാക്കര ക്ഷേത്രത്തിനു സമീപമുള്ള പ്രൊഫ. എം കെ സാനുവിന്റെ മകൾ ഗീത എന്നിവരുടെ വീടുകൾ ഇക്കൂട്ടത്തിൽ സന്ദർശിച്ചു. സുഖമില്ലാതെ വിശ്രമത്തിലായിരുന്ന എൻ കെ വാസുദേവന്റെ ആരോഗ്യ കാര്യങ്ങൾ പി രാജീവ് ചോദിച്ചറിഞ്ഞു. എം എ ബേബി പ്രസിഡന്റും കോടിയേരി ബാലകൃഷ്ണൻ സെക്രട്ടറിയുമായിരുന്ന എസ്എഫ്ഐ സംസ്ഥാന കമ്മറ്റിയിൽ ജോ. സെക്രട്ടറിയായിരുന്നു വാസുദേവൻ. അക്കാലത്തെ എസ്എഫ് ഐ അനുഭവങ്ങൾ അദ്ദേഹം പി രാജീവുമായി പങ്കുവെച്ചു.

കളമശേരി ഞാലകം ജമാഅത്ത് കൺവെൻഷൻ സെന്റർ, പാനായിക്കുളം ധന്യ ഓഡിറ്റോറിയം, പാതാളം മുൻസിപ്പൽ ടൗൺ ഹാൾ എന്നിവിടങ്ങളിൽ നടന്ന വിവാഹച്ചടങ്ങുകളിൽ പങ്കെടുത്ത് വധുവരൻമാരെ ആശംസകൾ അറിയിച്ചു. ബ്ലെസിങ് ടുഡേ ഇന്റർനാഷണലിന്റെ പത്തടിപ്പാലത്തെ ആരാധനാലയം സന്ദർശിച്ച പി.രാജീവ് ഈസ്റ്റർ ദിന ചടങ്ങുകൾക്കെത്തിയ വിശ്വാസികൾക്ക് ആശംസ നേർന്നു. ബ്ലെസിങ് ടുഡേ സ്ഥാപകനായ ബ്രദർ ഡാമിയനെയും അദ്ദേഹം സന്ദർശിച്ചു.

## ഈസ്റ്റർ ദിനത്തിലും വിശ്രമമില്ലാതെ ഉമ തോമസ്



**കൊച്ചി:** ഈസ്റ്റർ ദിനത്തിലും തൃക്കാക്കരയിലെ വോട്ടർമാർക്കിടയിൽ സജീവമായി യു.ഡി.എഫ് സ്ഥാനാർത്ഥി ഉമ തോമസ്. പുലർച്ചെ മുതൽ മണ്ഡലത്തിലെ വിവിധ ദേവാലയങ്ങളിൽ വിശ്വാസികൾക്കൊപ്പം പ്രാർത്ഥനയിലും ആഘോഷങ്ങളിലും സ്ഥാനാർത്ഥി പങ്കുചേർന്നു. ചെമ്പുമുക്ക് സെന്റ് മൈക്കിൾസ് ദേവാലയത്തിൽ നടന്ന വിശുദ്ധ ഈസ്റ്റർ പാതിരാ കുർബാനയിൽ പങ്കെടുത്തുകൊണ്ടാണ് സ്ഥാനാർത്ഥി ഇന്നലത്തെ ദിനത്തിന് തുടക്കമിട്ടത്. പ്രാർത്ഥനാനിർഭരമായ അന്തരീക്ഷത്തിൽ വിശ്വാസികൾക്കൊപ്പം സമയം ചെലവഴിച്ച ഉമ തോമസ്, ഏവർക്കും ഈസ്റ്റർ ആശംസകൾ നേർന്നു.

ദേവാലയങ്ങളിലെ സന്ദർശനത്തിന് ശേഷം മണ്ഡലത്തിലെ ഏറ്റവും മുതിർന്ന വോട്ടർമാരിൽ ഒരാളായ കമലാക്ഷിയ്ക്കരികിലേക്കാണ് ഉമ തോമസ് എത്തിയത്. നൂറ് വയസ്സ് തികഞ്ഞ കമലാക്ഷി ചളിക്കവട്ടം സ്വദേശിനിയാണ്. ഹോം വോട്ടിംഗ് സംവിധാനത്തിലൂടെ ജനാധിപത്യ പ്രക്രിയയിൽ പങ്കാളിയായി വോട്ട് രേഖപ്പെടുത്തിയ അവരെ സ്ഥാനാർത്ഥി അഭിനന്ദിച്ചു. വോട്ട് ചെയ്തതിന്റെ സന്തോഷവും മറ്റ് വിശേഷങ്ങളും പങ്കുവച്ച അവർ ഉമ തോമസിന് വിജയമാശംസിക്കുകയും ചെയ്തു. മണ്ഡലത്തിലെ വിവിധ വിവാഹ ചടങ്ങുകളിലും സ്ഥാനാർത്ഥി നേരിട്ടെത്തി വധൂവരന്മാർക്ക് ആശംസകൾ നേർന്നു.

ഉച്ചയ്ക്ക് ശേഷം ചങ്ങനാശേരിയിലെത്തി എൻ.എസ്.എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായരെയും ആലപ്പുഴ കണിച്ചുകുളങ്ങരയിലെത്തി എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെയും ഉമ തോമസ് സന്ദർശിച്ചു.

## കുന്നത്തുനാടിന് 5000 കോടിയുടെ പ്രത്യേക പാക്കേജ്



**കോലഞ്ചേരി:** കുന്നത്തുനാടിന് 5000 കോടിയുടെ പാക്കേജ് പ്രഖ്യാപിച്ച് എൻ.ഡി.എ മുന്നണി. ഇന്നലെ കോലഞ്ചേരിയിൽ സംഘടിപ്പിച്ച എൻ.ഡി.എ തിരഞ്ഞെടുപ്പ് കൺവെൻഷനിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ സാന്നിധ്യത്തിൽ ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ്ബാണ് പാക്കേജ് പ്രഖ്യാപിച്ചത്. തിരുവാണിയൂർ, പൂതൃക്ക, കുന്നത്തുനാട്, വടവ്കോട്-പുത്തൻകുരിശ് പഞ്ചായത്തുകളിലെ 2000 പേർക്ക് ബി.പി.സി.എൽ കൊച്ചി റിഫൈനറിയിൽ ദിവസവേതനത്തിൽ നേരിട്ട് തൊഴിൽ. പുത്തൻകുരിശ് പഞ്ചായത്തിലെ അമൃത കോളനി ഉൾപ്പെടെ മണ്ഡലത്തിലെ 116 ലക്ഷംവീട് കോളനികൾ നവീകരിക്കാൻ 280 കോടി, കുന്നത്തുനാട് മണ്ഡലത്തിലെ നാല് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന അങ്കമാലി കുണ്ടന്നൂർ 'എട്ട്വരി' പാതയ്ക്ക് 9500 കോടി എന്നിങ്ങനെ വിവിധ പാക്കേജുകളാണ് പ്രഖ്യാപിച്ചത്. കൂടാതെ എഴിപ്പുറം, മോനിപ്പിള്ളി എന്നിവിടങ്ങളിൽ രണ്ട് പുതിയ ഭക്ഷ്യസുരക്ഷാ മാർക്കറ്റുകൾ കൂടി ആറ് മാസത്തിനകം തുറക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഇതോടെ മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് പച്ചക്കറി ഉൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ 50 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാകും. എൻ.ഡി.എയുടെ പ്രകടന പത്രികയിൽ പറഞ്ഞവയ്ക്ക് പുറമെയാണ് കുന്നത്തുനാട് മണ്ഡലത്തിന്റെ വികസനത്തിനായി വൻ പദ്ധതികൾ പ്രഖ്യാപിച്ചത്. കേരളത്തിൽ ഒരു നിയമസഭാ മണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പ്രഖ്യാപിക്കപ്പെട്ട ഏറ്റവും വലിയ പാക്കേജാണിത്.

## പരിശീലനത്തിൽ പങ്കെടുക്കാത്ത പോളിംഗ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം ഇന്ന്

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഉദ്യോഗസ്ഥർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടികളിൽ വിവിധ കാരണങ്ങളാൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കായി പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നു. ഇന്ന് രാവിലെ 10.00 ന് ഓർഡറിൽ നിശ്ചയിച്ചിട്ടുള്ള അതത് കേന്ദ്രങ്ങളിൽ പരിശീലനത്തിന് എത്തണം. നേരത്തെ നടന്ന ക്ലാസുകളിൽ ഹാജരാകാത്ത എല്ലാ പോളിംഗ് ഉദ്യോഗസ്ഥരും ഈ പരിശീലന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന് ഇലക്ഷൻ വിഭാഗം ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.

## ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് നീക്കം ചെയ്തത് 35627 പ്രചാരണ ബോർഡുകൾ

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിൽ ആന്റി ഡീഫേസ്മെന്റ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ഇതുവരെ നീക്കം ചെയ്തത് 35627പ്രചാരണ ബോർഡുകൾ. കഴിഞ്ഞദിവസം പ്രചാരണ 2953 ബോർഡുകൾ നീക്കം ചെയ്തു. വിവിധ രാഷ്ട്രീയപാർട്ടികളുടെ 1872 പോസ്റ്ററുകൾ, 429 ബാനറുകൾ, 652 മറ്റ് പ്രചാരണ ബോർഡുകൾ എന്നിവയാണ് ഇന്ന് നീക്കം ചെയ്തത്. നിഷ്പക്ഷവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ജില്ലാതല ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധ നടത്തി.

പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ പൊതുജനങ്ങൾക്ക് സി-വിജിൽ (cVIGIL) ആപ്പ് വഴിയോ mccernakulam2026@gmail.com ഇ-മെയിൽ വിലാസത്തിലോ അയക്കാം. ചട്ടലംഘനങ്ങളുടെ ചിത്രങ്ങളോ വീഡിയോകളോ ആണ് തത്സമയം അയക്കാവുന്നതാണ്. സി-വിജിൽ ആപ്പിൽ ഇതുവരെ 12713 പരാതികളാണ് ലഭിച്ചത്. ഇതിൽ 12711 പരാതികളിൽ നടപടി സ്വീകരിച്ചു.

സൊസൈറ്റി ടുഡേ SOCIETY TODAY

# ഇലക്ട്രിക് കൊമേഴ്സ്യൽ വാഹന വിപണിയിൽ മുന്നേറ്റം തുടർന്ന് മഹീന്ദ്ര



**കൊച്ചി:** ഇന്ത്യയിലെ ഇലക്ട്രിക് കൊമേഴ്സ്യൽ വാഹന വിപണിയിൽ തങ്ങളുടെ ആധിപത്യം ഉറപ്പിച്ച് മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് 2026 സാമ്പത്തിക വർഷത്തിലും മികച്ച പ്രകടനം നടത്തി. ഒറ്റ സാമ്പത്തിക വർഷത്തിൽ തന്നെ ഒരു ലക്ഷത്തിലധികം ഇലക്ട്രിക് വാഹനങ്ങൾ വിറ്റഴിക്കുന്ന ആദ്യ വാണിജ്യ വാഹന നിർമ്മാതാക്കളെന്ന റെക്കോഡും മഹീന്ദ്ര ഇതോടൊപ്പം സ്വന്തമാക്കിയതായി കമ്പനി അധികൃതർ വ്യക്തമാക്കി.

എൽ5 കാറ്റഗറിയിൽ 39.7 ശതമാനം വിപണി വിഹിതവുമായി കമ്പനി കരുത്ത് തെളിയിച്ചു. ഇതുവരെ മഹീന്ദ്രയുടെ ഇലക്ട്രിക് വാഹനങ്ങൾ ആകെ 600 കോടി കിലോമീറ്ററിലധികം ദൂരം പിന്നിട്ടു.

ഇതിലൂടെ ഏകദേശം 240 കിലോ മെട്രിക് ടൺ കാർബൺ പുറന്തള്ളൽ കുറയ്ക്കാനായി. 3.4 ലക്ഷത്തിലധികം ഇലക്ട്രിക് വാഹനങ്ങളാണ് കമ്പനി ഇതുവരെ വിറ്റഴിച്ചത്. ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ പരിഗണിച്ച് പുറത്തിറക്കിയ 'മഹീന്ദ്ര ഉഡോ' എന്ന പുതിയ മോഡലാണ് ഈ വർഷത്തെ പ്രധാന ആകർഷണം. സെഗ്മെന്റിൽ ആദ്യമായി റിവേഴ്സ് ത്രോട്ടിൽ സംവിധാനത്തിന് പുറമേ, മികച്ച എയറോഡൈനാമിക് ഡിസൈനും ഡ്രൈവർമാർക്ക് കൂടുതൽ സൗകര്യപ്രദമായ ഫീച്ചറുകളും ഇതിലുണ്ട്. ഒറ്റ ചാർജിങ്ങിൽ 200 കിലോമീറ്റർ ദൂരം സഞ്ചരിക്കാം.

# ഏഷ്യൻ സീരീസ് റേസിങ്: കിയാൻ ഷായ്ക്ക് ഇരട്ട പോഡിയം ഫിനിഷ്



**കൊച്ചി:** തായ്‌ലാൻഡിൽ നടന്ന ഐ.എ.എം.ഇ ഏഷ്യ സീരീസിലും തായ്‌ലൻഡ് സീരീസിലും മിന്നും പ്രകടനവുമായി മുംബൈയുടെ കിയാൻ ഷാ. സീനിയർ കാറ്റഗറിയിലെ തന്റെ അരങ്ങേറ്റ മത്സരത്തിൽ തന്നെ രണ്ട് പോഡിയം ഫിനിഷുകൾ സ്വന്തമാക്കിയാണ് പതിനഞ്ചുകാരനായ താരം അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയനായത്. കഴിഞ്ഞ ഡിസംബറിൽ സ്നോബോർഡിങിനിടെ കൈക്ക് പരിക്കേറ്റ കിയാന് രണ്ട് മാസത്തോളം പരിശീലനങ്ങളിൽ നിന്ന് വിട്ടുനിൽക്കേണ്ടി വന്നിരുന്നു. ജൂനിയർ വിഭാഗത്തിൽ നിന്ന് കടുത്ത മത്സരമുള്ള സീനിയർ വിഭാഗത്തിലേക്കുള്ള കിയാന്റെ ചുവടുമാറ്റം കൂടിയായിരുന്നു ഇത്. ലോക ചാമ്പ്യന്മാരും ഏഷ്യൻ-യൂറോപ്യൻ ചാമ്പ്യന്മാരും അണിനിരന്ന ശക്തമായ നിരയ്ക്കെതിരെയാണ് ഈ നേട്ടം. ഹീറ്റ്സിലെ തകർപ്പൻ പ്രകടനത്തിന് ശേഷം ഫൈനലിൽ 14-ാം സ്ഥാനത്താണ് കിയാൻ റേസ് തുടങ്ങിയത്. എന്നാൽ കൃത്യമായ പ്ലാനിങ്ങോടെ മുന്നേറിയ താരം അഞ്ചാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. വിജയിയായ ഹോങ്കോങ്ങിന്റെ ഏഷ്യൻ ചാമ്പ്യൻ യു കാ പോയേക്കാൾ വെറും 1.6 സെക്കൻഡ് മാത്രം പിന്നിലായിരുന്നു കിയാൻ. ആദ്യ അഞ്ച് സ്ഥാനക്കാർക്ക് പോഡിയം ഫിനിഷ് നൽകുന്ന ഏഷ്യൻ സീരീസിൽ ഇതോടെ കിയാൻ മെഡൽ ഉറപ്പിച്ചു. ഐ.എ.എം.ഇ തായ്‌ലൻഡ് സീരീസിൽ മൂന്നാം സ്ഥാനത്തെത്തി രണ്ടാം റണ്ണറപ്പ് ട്രോഫിയും താരം സ്വന്തമാക്കി. റയോ റേസിങിന്റെ താരമായ കിയാൻ വരും ആഴ്ച്ചകളിൽ തായ്‌ലൻഡിൽ തന്നെ നടക്കുന്ന ഏഷ്യൻ റോട്ടക്സ്, ഐ.എ.എം.ഇ സീരീസുകളുടെ അടുത്ത റൗണ്ടുകളിൽ പങ്കെടുക്കും.

# ആർ ആന്റ് ബി ഫാഷൻ കൊച്ചിയിൽ സ്റ്റോർ തുറന്നു




**കൊച്ചി:** അപ്പാരൽ ഗ്രൂപ്പിന് കീഴിലുള്ള പ്രമുഖ ലൈഫ് സ്റ്റൈൽ ബ്രാൻഡായ ആർ ആന്റ് ബി ഇന്ത്യയിൽ സാന്നിധ്യം ശക്തമാക്കുന്നു. ബ്രാൻഡിന്റെ ഇന്ത്യയിലെ 42-ാമത്തെ സ്റ്റോറും കൊച്ചിയിലെ നാലാമത്തെ സ്റ്റോറും വില്ലിംഗ്ഡൺ 58, ബി.ഒ.ടി ബ്രിഡ്ജിന് സമീപം പ്രവർത്തനമാരംഭിച്ചു. നിലവിൽ 9 രാജ്യങ്ങളിലായി 184-ലധികം സ്റ്റോറുകളുള്ള ആർ ആന്റ് ബി കേരളത്തെ തങ്ങളുടെ ഏറ്റവും തന്ത്രപ്രധാനമായ വിപണിയായാണ് കണക്കാക്കുന്നത്. മുക്കാടൻ ഗ്രൂപ്പ് ഉടമ തോമസ് ചാക്കോ, പ്രമുഖ ഇൻഫ്ളുവൻസർ അമിത ജോബിൻ എന്നിവർ ചേർന്ന് പുതിയ സ്റ്റോർ ഉദ്ഘാടനം ചെയ്തു. അത്യാധുനിക ഫാഷൻ ട്രെൻഡുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊച്ചിയിൽ പുതിയ വിപുലീകരണം നടത്തിയിരിക്കുന്നതെന്നും കേരളത്തിലെ ഉപഭോക്താക്കൾക്ക് ആഗോള ഫാഷൻ ട്രെൻഡുകൾ മികച്ച മൂല്യത്തിൽ ലഭ്യമാക്കാനാണ് ബ്രാൻഡ് ലക്ഷ്യമിടുന്നതെന്ന് അപ്പാരൽ ഗ്രൂപ്പ് ഇന്ത്യ പ്രസിഡന്റ് തുഷാർ വേദ് അറിയിച്ചു.

# ഐഐഎം കോഴിക്കോട് ഇപിജിപി 19–ാം ബാച്ചിലേക്ക് പ്രവേശനം ആരംഭിച്ചു

**കോഴിക്കോട്:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് (ഐഐഎം കോഴിക്കോട്) തങ്ങളുടെ ഫ്ളാഗ്ഷിപ്പ് എക്സിക്യൂട്ടീവ് പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമായ എക്സിക്യൂട്ടീവ് പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാം ഇൻ മാനേജ്മെന്റ് (ഇപിജിപി) കോഴ്സിന്റെ19-ാമത് ബാച്ചിലേക്കുള്ള പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു.

ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കായുള്ള രണ്ട് വർഷത്തെ എംബിഎ കോഴ്സായ ഇപിജിപിയിലേക്ക് എക്സിക്യൂട്ടീവ് മാനേജ്മെന്റ് ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് (ഇഎംഎടി), വ്യക്തിഗത അഭിമുഖം എന്നിവ വഴിയാണ് പ്രവേശനം ലഭിക്കുകയെന്ന് ഐഐഎം കോഴിക്കോട് ആസ്ഥാനത്ത് നടന്ന വാർത്താ സമ്മേളനത്തിൽ ഡയറക്ടർ പ്രൊഫ. ദേബാഷിസ് ചാറ്റർജി അറിയിച്ചു.

ഐടി, ഊർജ്ജം, പൊതുമേഖല, എയ്റോസ്പേസ്, വിദ്യാഭ്യാസം, കൺസൾട്ടിംഗ്, നിർമ്മാണം, എഫ്എംസിജി, ഓട്ടോമോട്ടീവ്, ബാങ്കിംഗ്, ഇൻഷുറൻസ്, ഇ-കൊമേഴ്സ്, ആരോഗ്യ സംരക്ഷണം തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള പഠിതാക്കളെയാണ് കോഴ്സിന്റെ ഭാഗമായി പ്രതീക്ഷിക്കുന്നത്. ഇന്ററാക്ടീവ് ലേണിംഗ് പ്ലാറ്റ്ഫോമിലൂടെ നൽകുന്ന 750 മണിക്കൂർ ക്ലാസ് കോഴ്സിന്റെ ഭാഗമായി നൽകുന്നു. പ്രോഗ്രാം ഇന്ത്യയിലെ 45 സിറ്റികളിലെ 65ഇൽ പരം കേന്ദ്രങ്ങളിൽ നിന്ന് പഠിക്കാനുള്ള സൗകര്യവും ലഭ്യമാണ്.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ബിസിനസ്സ് അന്തരീക്ഷത്തിൽ തീരുമാനങ്ങളെടുക്കുന്നതിലെ വേഗത, ലക്ഷ്യബോധം, നേതൃപാടവം തുടങ്ങിയ ഗുണങ്ങളോട് കൂടിയ, സാങ്കേതിക പ്രാവീണ്യവും സാമൂഹിക ബോധവുമുള്ള മാനേജ്മെന്റ് വിദഗ്ധരെ വളർത്തിയെടുക്കാൻ ഐഐഎം പ്രതിജ്ഞാബദ്ധമാണെന്ന് പ്രൊഫ. ദേബാഷിസ് ചാറ്റർജി പറഞ്ഞു. 29 ശതമാനം സ്ത്രീകൾ ഉൾപ്പെടെ 672 പേരാണ് 18-ാമത് ബാച്ചിൽ പ്രവേശനം നേടിയത്. ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വലിയ പങ്കാളിത്തമാണിതെന്ന് ഐഐഎം അറിയിച്ചു.

## 'കളിമുറ്റം' അവധിക്കാല ക്ലാസുകളിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് ജവഹർ ബാലഭവനിൽ കുട്ടികൾക്കായി ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്തുന്ന 'കളിമുറ്റം' വേനലവധിക്കാല ക്ലാസുകളിലേക്ക് അപേക്ഷിക്കാം. 4 മുതൽ 16 വയസ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം. എയ്റോമോഡലിംഗ്, സംഗീതം, നൃത്തം, അബാക്കസ്, ഗിറ്റാർ, വയലിൻ, തബല, കീബോർഡ്, നാടകം, ക്രാഫ്റ്റ്, യോഗ, ചിത്രരചന തുടങ്ങി 26 വിഷയങ്ങളിൽ പരിശീലനം നൽകുന്നു. വാഹന സൗകര്യമുണ്ട്. രജിസ്ട്രേഷനായി 8590774386 / 2316477 നമ്പറുകളിൽ ബന്ധപ്പെടണം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അലങ്കാര ജീവജാലങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കണം : കേരള അസ്സോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്സ്

**കൊച്ചി:** വിദേശങ്ങളിൽ നിന്നുള്ള അലങ്കാര ജീവജാലങ്ങളുടെ ഇറക്കുമതി കർശനമായി നിയന്ത്രിക്കണമെന്നും ഇവയുടെ വ്യാപനം ആരോഗ്യമേഖലയിൽ പുതിയ പ്രതിസന്ധിക്ക് വഴിവയ്ക്കുന്നതായി കേരള അസ്സോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്സ് കൊച്ചി ഐഎംഎ ഹൗസിൽ സംഘടിപ്പിച്ച ഏകദിന ശിൽപശാലയിൽ പീച്ചി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ചീഫ് സയന്റിസ്റ്റ് ഡോ. ടി.വി. സജീവ് അഭിപ്രായപ്പെട്ടു. മസ്തിഷ്ക്കത്തിലെ അസാധാരണ അണുബാധകളുടെ രോഗനിർണ്ണയത്തിനും, പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സമഗ്രമായ മാനദണ്ഡങ്ങൾ രൂപീകരികരിക്കുകയും പിന്തുടരുകയും വേണമെന്ന് ശിൽപശാലയിൽ വിദഗ്ദർ അഭിപ്രായപ്പെട്ടു.

കേരളത്തിൽ നിപ്പ, അമീബിക്ക് മെനിഞ്ചോ എൻസഫലൈറ്റിസ്, ഇയോസിനോഫിലിക്ക് മെനിഞ്ചൈറ്റിസ് എന്നീ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നു. മസ്തിഷക്കത്തിലെ ഇയോസിനോഫിലിക്ക് മെനിഞ്ചൈറ്റിസിന്റെ വ്യാപനത്തിന് ആഫ്രിക്കൻ ഒച്ച് കാരണമാകുന്നു. കുട്ടികളിൽ കണ്ടുവരുന്ന സാൽമോണല്ല, ഷീഗല്ല എന്നി രോഗങ്ങൾക്ക് വിദേശിയായ ചെഞ്ചവിയൻ ആമ കാരണമാകുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുന്നു. അമീബിക്ക് മെനിഞ്ചൈറ്റിസ് രോഗികളുടെ എണ്ണം 2024-ൽ 39-ൽ നിന്നും 2025-ൽ 201 ആയി വർദ്ധിച്ചു. 24 ശതമാനത്തോളമാണ് മരണനിരക്കെന്നും പഠനങ്ങൾ പറയുന്നു. അക്കാന്തമീബ, നൈഗ്ലേരിയ ഫൗളേരി എന്നീ രുതരം അമീബകളാണ് സാധാരണയായി കണ്ടുവരുന്നത്. നൈഗ്ലേരിയ ഫൗളേരിയെ ക്ലോറിൻ ഉപയോഗിച്ച് ജലത്തിൽനിന്നും അണുവിമുക്തമാക്കാം. എന്നാൽ അക്കാന്തമീബ വെള്ളം തിളപ്പിച്ചാൽ മാത്രമേ നിർവീര്യമാക്കപ്പെടുകയുള്ളു. ജലത്തിൽനിന്നും അമീബ അണുബാധ പകരുന്നത് മൂക്കിലൂടെയാണ് കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്സ് മുൻകൈയ്യെടുത്ത് വിരകൾ മൂലമുണ്ടാകുന്ന ഇയോസിനോഫിലിക്ക് മെനിഞ്ചൈറ്റിസ് കണ്ടുപിടിക്കുന്നതിനുള്ള പി.സി.ആർ. ടെസ്റ്റ് സൗജന്യമായി കൊച്ചി അമൃത ആശുപത്രിയിൽ ആരംഭിച്ചു. ശിൽപ്പശാലയുടെയും സൗജന്യ പി.സി.ആർ. ടെസ്റ്റ് പദ്ധതിയുടെയും ഉദ്ഘാടനം കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ് സെക്രട്ടറി ഡോ. വി.ടി. ഹരിദാസും, അമൃത ആശുപത്രി മെഡിക്കൽ സൂപ്ര് ഡോ. കെ.വി. ബീനയും ചേർന്ന് നിർവ്വഹിച്ചു.തലച്ചോറിനെ ബാധിക്കുന്ന നിപ, അമീബ, മറ്റു അണുബാധകൾ എന്നിവയെക്കുറിച്ചുള്ള ശിൽപ്പശാലയിൽ ഡോ. ടി. വി സജീവ് (കെ.എഫ്.ആർ.ഐ), ഡോ. ഉമ്മർ. കെ (കോഴിക്കോട്). ഡോ. പരമേശ്വരൻ കെ. (വൈക്കം), ഡോ. വൈശാഖ് ആനന്ദ് (കൊച്ചി), ഡോ. അരവിന്ദ് ആർ. (തിരുവനന്തപുരം), ഡോ. വി. അനിൽകുമാർ (കൊച്ചി), ഡോ. ജയ്ചന്ദ് ജോൺസൺ (തിരുവനന്തപുരം). ഡോ. അനിത പി. എം. (കോഴിക്കോട്), ഡോ. ഷാനിമോൾ പി. ഇ. (ആലപ്പുഴ). ഡോ. ഷാജി. സി. വി (ആലപ്പുഴ). ഡോ. ഫിജു ചാക്കോ (തൃശൂർ), ഡോ. സി.ജെ. സുരേഷ് ചന്ദ്രൻ (തിരുവനന്തപുരം), ഡോ. സന്ദീപ് പത്മനാഭൻ(കൊച്ചി). ഡോ. രമ്യ പ്രകാശ് (തിരുവനന്തപുരം) എന്നീ വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ശിൽപശാലയ്ക്ക് ഡോ. കെ.പി.വിനയൻ, ഡോ. വി.ജി.പ്രദീപ് കുമാർ. കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ് സെക്രട്ടറി ഡോ. വി.ടി. ഹരിദാസ് എന്നിവർ നേതൃത്വം നൽകി.




*കേരള അസ്സോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്സ് കൊച്ചി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച ഏകദിന ശിൽപശാലയുടെ ഉദ്ഘാടനം അമൃത ആശുപത്രി മെഡിക്കൽ സൂപ്ര് ഡോ. കെ.വി. ബീന ഉദ്ഘാടനം ചെയ്യുന്നു. ഡോ.ജെയ്ജൻ ജോൺസൺ, ഡോ. കെ.ഉമ്മർ, ഡോ. ആർ.അരവിന്ദ്, ഡോ. വി.ജി.പ്രദീപ് കുമാർ, ഡോ.വി.ടി.ഹരിദാസ്, ഡോ.കെ.പി.വിനയൻ, ഡോ. വെശാഖ് ആനന്ദ്, ഡോ. ടി.വി.സജീവ്, ഡോ. കെ.പരമേശ്വരൻ എന്നിവർ സമീപം.*

# റീജ്യണൽ സ്പോർട്സ് സെന്റർ സമ്മർ കോച്ചിംഗ് ക്യാമ്പ് ഉദ്ഘാടനം ആറിന്

**കൊച്ചി:** റീജ്യണൽ സ്പോർട്സ് സെന്റർ സമ്മർ കോച്ചിംഗ് ക്യാമ്പ് ഇന്ന് രാവിലെ 10 മണിക്ക് ഇന്ത്യൻ അന്താരാഷ്ട്ര ബാസ്ക്കറ്റ് ബാൾ മുൻ നായകനും പരിശീലകനുമായ സി വി സണ്ണി ഉദ്ഘാടനം ചെയ്യും.

ഉദ്ഘാടന ചടങ്ങിൽ എറണാകുളം ജില്ലാ കളക്ടറും റീജ്യണൽ സ്പോർട്സ് സെന്റർ ചെയർപേഴ്സണുമായ ജി പ്രിയങ്ക അധ്യക്ഷത വഹിക്കും.

മെയ് 31 വരെ തുടരുന്ന സമ്മർ കോച്ചിംഗ് ക്യാമ്പിൽ പ്രമുഖ പരിശീലകരുടെ നേതൃത്വത്തിൽ 27 ഇനങ്ങളിൽ കായിക ഇനങ്ങളിൽ പരിശീലനവും 11 അനുബന്ധ പ്രവർത്തനങ്ങളും നടക്കും. യുവപ്രതിഭകളെ കണ്ടെത്തി വളർത്തുകയും കായിക രംഗത്ത് മികവ് കൈവരിക്കാൻ പ്രചോദനമാവുകയും ചെയ്യുകയാണ് ക്യാമ്പിന്റെ ലക്ഷ്യം.

ക്യാമ്പിന്റെ പ്രധാന ആകർഷണമായി ബാഡ്മിന്റൺ, ടെന്നീസ്, ടേബിൾ ടെന്നീസ്, നീന്തൽ എന്നീ ഇനങ്ങളിൽ നിന്ന് ഓരോ വിഭാഗത്തിലും മൂന്ന് ആൺകുട്ടികളും മൂന്ന് പെൺകുട്ടികളും ഉൾപ്പെടെ 24 പ്രതിഭകളെ 'പ്രതിഭ സ്കീം- ചാമ്പ്യന്മാരെ സൃഷ്ടിക്കാൻ' എന്ന പദ്ധതിയിലേക്ക് തെരഞ്ഞെടുക്കും. മൂന്ന് വർഷത്തിന് മൂന്ന് കോടി ചെലവിൽ നടപ്പാക്കുന്ന പദ്ധതി പൂർണമായും സൗജന്യമായ ഉയർന്ന നിലവാരത്തിലുള്ള പരിശീലനമാണ് നൽകുന്നത്. ദേശീയ- അന്താരാഷ്ട്ര തലത്തിൽ മികവ് തെളിയിക്കുന്ന കായിക താരങ്ങളെ വളർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം..

# ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

**കൊച്ചി:** കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ എ.എച്ച്. ആൻഡ് ആർ.സി. കൊച്ചിയിൽ എഎസ്എപി, കേരളയുടെ അംഗീകാരത്തോടെ നടത്തുന്ന 'ആയുർവേദ തെറാപ്പിസ്റ്റ്' നൈപുണ്യ വികസന കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

പ്ലസ് ടു യോഗ്യതയുള്ള 25 വയസ്സിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. ഒരു വർഷമാണ് കോഴ്സിന്റെ ദൈർഘ്യം. എൻസിവിടി സർട്ടിഫിക്കേഷനോടുകൂടിയ നോർക്ക അറ്റസ്റ്റേഷൻ സാധ്യമായ കോഴ്സിന് പഠനകാലയളവിൽ സ്റ്റൈപ്പന്റ് നൽകുന്നതാണ്. അപേക്ഷകൾ: hoadmin@aryavaidyasala.com എന്ന മെയിലിൽ ഈമാസം 12ന് മുൻപായി ലഭിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് 0483-2808233 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ഹാഫെലെ കൊച്ചിയിൽ പുതിയ അപ്ലയൻസസ് സ്റ്റുഡിയോ ആരംഭിച്ചു

**കൊച്ചി:** ആഗോള ഇന്റീരിയർ സൊല്യൂഷൻസ് രംഗത്തെ പ്രമുഖ ബ്രാൻഡായ ഹാഫെലെ ഇന്ത്യ, ട്രൈസോൺ മാർക്കറ്റിംഗ് എന്ന പേരിൽ കൊച്ചി വൈറ്റിലയിൽ പുതിയ അപ്ലയൻസസ് സ്റ്റുഡിയോ ആരംഭിച്ചു.

കേരളത്തിലെ പ്രീമിയം ഇന്റീരിയർ സൊല്യൂഷൻ മേഖലയിൽ ആഗോള നിലവാരത്തിലുള്ള പരിഹാരങ്ങൾ ലഭ്യമാക്കാൻ ലക്ഷ്യമിട്ടാണ് പുതിയ സ്റ്റുഡിയോ ഒരുക്കിയിരിക്കുന്നതെന്ന് ഹാഫെലെ സൗത്ത് ഏഷ്യ മാനേജിംഗ് ഡയറക്ടർ ഫ്രാങ്ക് ഷ്ളോഡർ പറഞ്ഞു. വീട്ടുടമകൾക്കും ആർകിടെക്റ്റുമാർക്കും ഇന്റീരിയർ ഡിസൈനർമാർക്കും വേണ്ടി രൂപകൽപ്പന ചെയ്ത സ്റ്റുഡിയോയിൽ ഹാഫെലെയുടെ അപ്ലയൻസുകൾ തത്സമയ, ഹാൻഡ്സ്-ഓൺ ഇന്ററാക്ഷൻസായാണ് പ്രദർശിപ്പിച്ചിരിക്കുന്നത്. ഏകദേശം 2,000 ചതുരശ്ര അടി വിസ്തൃതിയിലുള്ള സ്റ്റുഡിയോയിൽ ലൈവ് കിച്ചൺ സെറ്റപ്പും ഫങ്ഷണൽ ഡിസ്പ്ലേ സോണുകളും ഉൾപ്പെടുത്തി ബിൽറ്റ്-ഇൻ ഓവനുകൾ, മൈക്രോവേവുകൾ, കോംബി ഓവനുകൾ, ഹോബുകൾ, ഹൂഡ് സൊല്യൂഷനുകൾ, ഡിഷ്വാഷറുകൾ ഉൾപ്പെടെയുള്ള വിവിധ അടുക്കള സാമഗ്രികൾ അവതരിപ്പിച്ചിരിക്കുന്നു.



ഇന്ത്യ ഹാഫെലെയുടെ പ്രധാന വിപണികളിലൊന്നാണെന്നും കൊച്ചി പോലുള്ള നഗരങ്ങളിലേക്കുള്ള വിപുലീകരണം ലോകോത്തര ഇന്റീരിയർ, അപ്ലയൻസ് സൊല്യൂഷനുകൾ ഉപഭോക്താക്കളിലേക്ക് കൂടുതലായി എത്തിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമാണെന്നും ഫ്രാങ്ക് ഷ്ളോഡർ പറഞ്ഞു.

# 8,000 ടിഇയു ചരക്ക് ഒരു കപ്പലിൽ നിന്നും കൈകാര്യം ചെയ്തു; ഡിപി വേൾഡ് കൊച്ചിൻ റെക്കോർഡ് കൈവരിച്ചു




**കൊച്ചി :** ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകളിലൊന്നായ എംഎസ്സി ഇലാരിയ ചരക്കുമായി കൊച്ചി വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലെത്തി. കൊച്ചിയിൽ ഇതുവരെ വന്നതിൽ വെച്ച് ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകളിലൊന്നാണിത്. ടെർമിനലിന്റെ തുടക്കം മുതൽ ഇതുവരെയുള്ള കാലയളവിൽ ഒരൊറ്റ കപ്പലിൽ നിന്നുമുള്ള 8,000 ടിഇയു ചരക്ക് ഡി പി വേൾഡ് കൈകാര്യം ചെയ്തത് ഇതാദ്യമായാണ്. മുമ്പ് എംഎസ്സി അറോറയ്ക്കായി 6000+ ടിഇയു കൈകാര്യം ചെയ്തതായിരുന്നു നിലവിലുണ്ടായിരുന്ന റെക്കോർഡ്. അതിനെയാണ് ഇപ്പോൾ മറികടന്നിരിക്കുന്നത്.

എംഎസ്സി ഇലാരിയയുടെ വരവ് അടുത്ത തലമുറയിലെ അൾട്രാ ലാർജ് കണ്ടെയ്നർ വെസലുകൾ കൈകാര്യം ചെയ്യുന്നതോടൊപ്പം വർധിച്ചുവരുന്ന വ്യാപാര ആവശ്യങ്ങളെ കാര്യക്ഷമതയോടും വിശ്വാസ്യതയോടും കൂടി പിന്തുണയ്ക്കാനുമുള്ള ഡിപി വേൾഡ് കൊച്ചിയുടെ ശേഷിയ്ക്ക് കരുത്ത് പകരുന്നതാണ്. എംഎസ്സി ഇലാരിയയെപ്പോലെ വലിയ ശേഷിയുള്ള കപ്പൽ എത്തിയത് ഡിപി വേൾഡ് കൊച്ചിയുടെ നാഴികക്കല്ലാണെന്ന് ഡിപി വേൾഡ് പോർട്ട്സ് ആന്റ് ടെർമിനൽസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ദിപിൻ കയ്യത്ത് പറഞ്ഞു. ദക്ഷിണേന്ത്യയുടെ പ്രധാന കവാടമെന്ന നിലയിൽ ടെർമിനലിന്റെ പങ്കിനെ ഇത് ശക്തിപ്പെടുത്തുന്നു. പുതിയ ക്വേ ക്രെയിനുകൾ, വിപുലപ്പെടുത്തിയ യാർഡ്, ഇ-ആർടിജികൾ എന്നിവയുൾപ്പെടെ നവീകരിച്ച അടിസ്ഥാന സൗകര്യങ്ങളുടെ പിന്തുണയോടെ ആഗോള വ്യാപാരത്തെ കാര്യക്ഷമമായി സേവിക്കുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്നതാണ് ഇതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തന്ത്രപരമായ അടിസ്ഥാന സൗകര്യ നിക്ഷേപങ്ങളിലൂടെ ഡിപി വേൾഡ് കൊച്ചിൻ അതിന്റെ ശേഷി ഗണ്യമായി വികസിപ്പിച്ചു, പുതിയ ഷിപ്പ്-ടു-ഷോർ (എസ്ടിഎസ്) ക്രെയിനുകൾ, വൈദ്യുതീകരിച്ച റബ്ബർ-ടൈഡ് ഗാൻട്രി ക്രെയിനുകൾ (ഇ-ആർടിജികൾ), വികസിപ്പിച്ച യാർഡ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇത് ടെർമിനലിന്റെ മൊത്തം ശേഷി 1.4 ദശലക്ഷം ടിഇയു ആയി ഉയർത്തി. ടെർമിനലിന്റെ പവർ ഇൻഫ്രാസ്ട്രക്ചർ 3 എംവിഎയിൽ നിന്ന് 5 എംവിഎയിലേക്ക് ഉയർത്തിയത് ഉയർന്ന ആവശ്യകതയുള്ള സമയത്ത് തടസ്സമില്ലാത്ത പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നു, അതേസമയം യാർഡ് ക്രെയിനുകളുടെ 100% വൈദ്യുതീകരണവും ഇൻ-ഹൗസ് സോളാർ പ്ലാന്റും കാർഗോയ്ക്കുള്ള കാർബൺ കാൽപ്പാടുകൾ കുറയ്ക്കുന്നു. ഈ മെച്ചപ്പെടുത്തലുകൾ ഡിപി വേൾഡ് കൊച്ചിക്ക് വലിയ കപ്പലുകൾ കൈകാര്യം ചെയ്യാനും ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്താനും വേഗതയേറിയതും കൂടുതൽ കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ ഉറപ്പാക്കാനുമുള്ള കഴിവിനെ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. അന്താരാഷ്ട്ര കപ്പൽ റൂട്ടുകളിൽ ഈ ടെർമിനലിലേക്ക് വളരെ കുറഞ്ഞ ദിശാമാറ്റം മാത്രമേ വേ. അതുപോലെതന്നെ കേരളത്തിലും തെക്ക് പടിഞ്ഞാറൻ തമിഴ്നാട്ടിലുമുള്ള കയറ്റുമതിച്ചരക്കു ഉത്ഭവ കേന്ദ്രങ്ങളുമായുള്ള സാമീപ്യം, കയറ്റിറക്ക് വ്യാപാര രംഗത്തെ സമയത്തിന്റെയും ചെലവിന്റേയും കാര്യത്തിൽ ശ്രദ്ധേയമായ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. എന്നുമാത്രമല്ല, കിഴക്കും പടിഞ്ഞാറൻ തീരങ്ങളും തമ്മിലുള്ള ചരക്കുനീക്കത്തിനുള്ള ഒരു പ്രധാന ഗതാഗത കേന്ദ്രമെന്ന നിലയിൽ ഗുജറാത്ത് മുതൽ കൊൽക്കത്ത വരെ ഇന്ത്യയിലുടനീളം ഈ തുറമുഖം സുപ്രധാന തീരദേശ അന്താരാഷ്ട്ര സമുദ്ര റൂട്ടുകളിൽ നിന്നുള്ള കുറഞ്ഞ വ്യതിയാനവും കേരളത്തിന്റെയും തെക്കുപടിഞ്ഞാറൻ തമിഴ്നാട്ടിന്റെയും പ്രധാന ചരക്ക് ഉറവിടങ്ങളിലേക്കുള്ള സാമീപ്യവും ടെർമിനലിന് ഗുണകരമാണ്, ഇത് കയറ്റിറക്കു വ്യാപാരത്തിന് ഗണ്യമായ ചെലവും സമയവും ലാഭിക്കുന്നു. കിഴക്കും പടിഞ്ഞാറും തീരങ്ങൾക്കിടയിലുള്ള ചരക്ക് നീക്കത്തിനുള്ള ഒരു പ്രധാന ഗതാഗത കേന്ദ്രമായി ഗുജറാത്ത് മുതൽ കൊൽക്കത്ത വരെ ഇന്ത്യയിലുടനീളം ശക്തമായ തീരദേശ കണക്റ്റിവിറ്റിയും ഇത് നൽകുന്നു. കൊച്ചി തുറമുഖത്തിനുള്ളിൽ കേരളത്തിലെ ആദ്യത്തെ ഫ്രീ ട്രേഡ് വെയർഹൗസിംഗ് സോൺ ഡിപി വേൾഡ് വികസിപ്പിച്ചെടുത്തിട്ടുണ്ട്.

# സൈബർപാർക്കിൽ വോട്ടർ ബോധവത്കരണ പ്രതിജ്ഞയും ഫ്ളാഷ് മോബും



**കോഴിക്കോട്:** വോട്ടവകാശം വിനിയോഗിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ബോധവത്കരണത്തിന്റെ ഭാഗമായി ഗവൺമെന്റ് സൈബർ പാർക്കിൽ ഫ്ളാഷ് മോബും പ്രതിജ്ഞയെടുക്കലും സംഘടിപ്പിച്ചു. സ്വീപ്പ് (സിസ്റ്റമാറ്റിക് വോട്ടേഴ്സ് എഡ്യൂക്കേഷൻ ആൻഡ് ഇലക്ടറൽ പാർട്ടിസിപ്പേഷൻ ) ന്റെ നേതൃത്വത്തിൽ സൈബർ പാർക്കിലെയും ഐടി കമ്പനികളിലെയും ജീവനക്കാരുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. സൈബർപാർക്ക് ജീവനക്കാർ വിവിധ ഐടി സ്ഥാപനങ്ങൾ സന്ദർശിച്ച്, വോട്ട് ചെയ്യുന്നത് ഓരോ പൗരന്റെയും അവകാശവും ഉത്തരവാദിത്തവുമാണെന്ന് വ്യക്തമാക്കി. തുടർന്ന് സൈബർപാർക്ക് ജീവനക്കാരും ഐടി കമ്പനികളുടെ പ്രതിനിധികളും ചേർന്ന് വോട്ടർ പ്രതിജ്ഞ ചൊല്ലി. അതിനുശേഷം ഫ്ളാഷ് മോബ് അവതരണം നടന്നു.






RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com